"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - ഒക്കൽ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് ശ്രീ. റ്റി.പി. മേരിദാസൻ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.450/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/02/2019

---

പരാമർശം:- 1 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.06.2008-ലെ ഡി2-9323/2007നമ്പർ നടപടിക്രമങ്ങൾ

2 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ തീയതി രേഖപ്പെടുത്താത്ത കത്ത് മുഖേന ലഭിച്ച ശ്രീ. റ്റി.പി. മേരിദാസന്റെ 29.06.2018-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 09.10.2018-ലെ ഡി2-42118/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. റ്റി.പി. മേരിദാസൻ യു.ഡി. ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരവേ കെ.പി.ബി.ആർ 1994-ലെ ചട്ടം 220(ബി) പാലിക്കാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കാവുന്നതാണെന്ന് തെറ്റായി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. റ്റി.പി. മേരിദാസനെതിരെ എറണാകുളം പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. റ്റി.പി. മേരിദാസൻ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.06.2008-ലെ ഉത്തരവിനെതിരെ ശ്രീ. റ്റി.പി. മേരിദാസൻ 9 വർഷങ്ങൾക്കു ശേഷമാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും 1960 ലെ കേരള സിവിൽ സർവ്വീസസ് ( തരംതിരിക്കലും , നിയന്ത്രണവും , അപ്പീലും) ചട്ടങ്ങ ളിൽ ചട്ടം 25 പ്രകാരം അപ്പീലിന് ആധാരമായ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും ആയതിനാൽ അപ്പീൽ സമർപ്പിക്കുവാൻ രണ്ട് മാസത്തിലധികം കാലതാമസം വന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ ചട്ടം 25 പ്രകാരം അപ്പീലിന് ആധാരമായ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ

പരാമർ ശം (1) ഉത്തരവിനെതിരെ ശ്രീ. റ്റി.പി. മേരിദാസൻ അപ്പീൽ അപേക്ഷ സമർപ്പിച്ചത് 9 വർഷങ്ങൾക്കു ശേഷമാണ്. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ രണ്ട് മാസത്തിലധികം കാലതാമസം വന്നതിനാൽ അപ്പീൽ അപേക്ഷ പുനഃപരിശോധിക്കേണ്ടതില്ലായെന്നുകണ്ട് ഒക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ. റ്റി.പി. മേരിദാസൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹന്ദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്.

1. ശ്രീ. റ്റി. പി. മേരിദാസൻ, മുൻ യു.ഡി. ക്ലാർക്ക്, ഒക്കൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. പ്രസിഡന്റ്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/169/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ